## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.431 | 28.06.2013 ലെ മറുപടിക്ക്

## കോർപ്പറേഷൻ വികസന അതോറിറ്റികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ മന്ത്രി) |
| എ) | സംസ്ഥാനത്തെ വിവിധ കോർപ്പറേഷനുകളിലുള്ള വികസന അതോറിറ്റികളെ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) | കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട് |
| ബി) | എങ്കിൽ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ; | ബി) | കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ വികസന അതോറിറ്റികളുടെ ആസ്തി ബാദ്ധ്യതകൾ അതാത് കോർപ്പറേഷനുകൾക്ക് കൈമാറിയതുമൂലം പ്രവർത്തനം മന്ദഗതിയിലായ മേൽ വികസന അതോറിറ്റികളുടെ പ്രവർത്തനം തുടരേണ്ടത് അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യമായതുകൊണ്ടാണ് മേൽ വികസന അതോറിറ്റികളെ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചത് |
| സി) | ഏതെല്ലാം വികസന അതോറിറ്റികളെയാണ് ഇത്തരത്തിൽ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത് | സി) | കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ വികസന അതോറിറ്റികൾ |
| ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനം അവസാനിപ്പിച്ച വികസന അതോറിറ്റികളുടെ പുനരുജ്ജീവനംകൊണ്ട് എന്താണ് ലക്ഷ്യമിടുന്നത് ; | ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആസ്തി ബാദ്ധ്യതകൾ അതാത് കോർപ്പറേഷനുകളെ ഏൽപ്പിച്ചതുമൂലം പ്രവർത്തനം മന്ദഗതിയിലായ വികസന അതോറിറ്റികളുടെ പ്രവർത്തനം തുടരേണ്ടത് പ്രദേശത്തെ സമഗ്രമായ വികസനത്തിന് ആവശ്യമായതിനാലും ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, ഏകോപിപ്പിച്ച് നടപ്പിലാക്കുക എന്നതുമാണ് ഈ വികസന അതോറിറ്റികളുടെ പുനരുജ്ജീവനം കൊണ്ട് ലക്ഷ്യമിടുന്നത്. |
| ഇ) | അതോറിറ്റികളുടെ പ്രവർത്തനം അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമോ എന്ന കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ